(ബി) ഇതിനായി എത്ര സ്ഥലം വാങ്ങിയെന്നും എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) കുന്ദമംഗലം നിയോജക മണ്ഡലത്തിലുൾപ്പെട്ട എത്ര പട്ടികജാതിക്കാരിൽ നിന്നും ഇതിനായി അപേക്ഷ ലഭിച്ചിട്ടുണ്ട് ; എത്ര പേർക്ക് ഭൂമി വാങ്ങി നൽകി ; എന്തു തുക ചെലവിട്ടു ?

ഉത്തരം

(എ) 16462 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(ബി) 107.959 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എത്ര സ്ഥലം വാങ്ങിയെന്നുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ 255 പട്ടികജാതി വിഭാഗക്കാരിൽ നിന്നും ധനസഹായത്തിനായി അപേക്ഷ ലഭിച്ചതിൽ 165 പേർക്ക് ഭൂമി വാങ്ങുവാൻ 1,13,15,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

പിന്നോക്ക വിഭാഗങ്ങൾക്ക് സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

111(2363) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗങ്ങൾക്ക് സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിവർഷം ഈ ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും എന്തു തുക ലഭിച്ചു ; അതിൽ എന്തു തുക ചെലവഴിച്ചു എന്നതു സംബന്ധിച്ച വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പ്ലസ് വൺ, പ്ലസ് ടു കോഴ്സുകളിൽ പഠിക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഫീസ് ആനുകൂല്യങ്ങളും അനുവദിച്ചു വരുന്നു. കോളേജ്/യൂണിവേഴ്സിറ്റിയോടനുബന്ധിച്ച് ഒ.ബി.സി. വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് 50% കേന്ദ്ര സഹായത്തോടെ ഹോസ്റ്റലുകൾ നിർമ്മിച്ചുവരുന്നു.

(ബി) സ്കോളർഷിപ്പ് ഇനത്തിൽ 2007-08-ൽ 560.447 ലക്ഷം രൂപയും 2008-09-ൽ 161.67 ലക്ഷം രൂപയും 2009-10-ൽ 3090 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു. +1, +2 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ഇതുവരെ 2 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് 2008-09-ൽ 241.5 ലക്ഷം രൂപയും 2009-10-ൽ 89 ലക്ഷം രൂപയും, 2010-11-ൽ 84 ലക്ഷം രൂപയും കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 241.5 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly